DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

20-03-2020

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ആയൂർ തോട്ടത്തറയിലെ ഹാച്ചറിയിൽ രണ്ടു ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് ലഭ്യമാണ്. കുഞ്ഞ് ഒന്നിന് 22 രൂപയാണ് വില. താൽപര്യമുള്ളവർ രാവിലെ 10 മണിക്ക് ഓഫീസിൽ എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0475 2292899 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## കോഴികൾക്ക്വേനൽക്കാല സംരക്ഷണം

അന്തരീക്ഷത്തിലെ ചെറിയ മാറ്റങ്ങൾ പോലും കോഴികളുടെ വളർച്ച യേയും ഉൽപാദനത്തേയും ബാധിക്കുമെന്നതിനാൽ കോഴികൾക്ക് വേനൽക്കാല സംരക്ഷണം നൽകേണ്ടത് അത്യാവശ്യമാണ്. ചൂട് കൂടുന്നതോടെ കോഴികൾ കഴിക്കുന്ന തീറ്റയുടെ അളവ് വളരെ കുറ യുകയും ഉൽപാദനം കുറയുകയും മരണ നിരക്ക് കൂടുകയും ചെയ്യും. മു ട്ടയുൽപ്പാദനത്തെ ചൂട് പ്രതികൂലമായി ബാധിക്കുന്നുവെന്ന് മാത്രമല്ല, ഇടു ന്ന മുട്ടയുടെ വലുപ്പത്തിലും പോഷകമൂല്യത്തിലും വ്യതിയാനം സംഭവി ക്കുകയും ചെയ്യും. കൂടുതൽ വേനൽച്ചൂട് പ്രതീക്ഷിക്കുന്ന സ്ഥലങ്ങളിൽ

കോഴിക്കൂട് കിഴക്ക്-പടിഞ്ഞാറായി പണിതുയർത്തുന്നതാണ് നല്ലത്. ഇതു മൂലം നേരിട്ടുള്ള സൂര്യരശ്മിയോ, ചൂട് കാറ്റോ, മഴയോ ഒന്നും തന്നെ കൂട്ടിൽ കടന്ന് പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല. കൂടിനുള്ളിലെ വായു സഞ്ചാരം തൃപ്തികരമാക്കാൻ വശങ്ങളിലുള്ള കമ്പിവല നിത്യവും വൃത്തിയാക്കേണ്ടതാണ്. കൂടിന്റെ പാർശ്വഭിത്തിയിലും കൂരയിലും കുമ്മായമോ വെള്ള പെയിന്റോ അടിച്ചാൽ കൂടിനുള്ളിൽ ചൂട് കടക്കുന്നത് കുറയ്ക്കാം. തണുത്ത അന്തരീക്ഷം ഉണ്ടാക്കാൻ വെള്ളം തളിച്ച ചാക്ക് കൂടിന്റെ പാർശ്വഭിത്തികളിൽ ഇടാം. കോഴിക്കൂടിനുചുറ്റും ചെറുചെടികളും പുൽത്തകിടികളും തണൽവൃക്ഷങ്ങളും വെച്ച് പിടിപ്പിക്കുന്നത് നന്നായിരിക്കും. വേനൽക്കാലത്ത് തറയിൽ വിരിയ്ക്കുന്നവിരിയുടെ കനം പകുതിയാക്കണം. വിരികൾ ദിനം പ്രതി ഒരു തവണ ഇളിക്കിയിടണം. വേനൽക്കാലത്ത് കോഴികൾ എടുക്കുന്ന തീറ്റയുടെ അളവ് കുറയുന്നതിനാൽ മാംസ്യം, ഊർജ്ജം, കാൽസ്യം, ഫോസ്ഫറസ്, ജീവകം എ, ബി2, ഡി3 തുടങ്ങിയവയുടെ അളവ് സാധാരണത്തേതിനേക്കാൾ 10 ശതമാനം അധികമുള്ള തീറ്റ നൽകണം. തീറ്റ നൽകുന്നതാവട്ടെ അതിരാവിലെയും വൈകുന്നേരവുമാണ്നല്ലത്. തണുത്ത വെള്ളം ധാരാളമായി കൊടുക്കാം. ജീവകം സി പ്രൊബയോട്ടിക് ഔഷധങ്ങൾ, ഇലക്ക്ട്രോലൈറ്റ്, ഗ്ലൂക്കോസ് തുടങ്ങിയവയും ചൂട് കാലങ്ങളിൽ വെള്ളത്തിൽ ചേർത്ത് കൊടുക്കുാവുന്നതാണ്.

## വിളകളെ വേനൽച്ചൂടിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

അന്തരീക്ഷ താപനില വർദ്ധിക്കുകയും വേനൽമഴ ശുഷ്ക്കമാവുകയും ചെയ്തിരിക്കുന്നത് കാർഷിക വിളകൾക്ക് പ്രയാസകരമായ സാഹചര്യമാണ്. അന്തരീക്ഷ താപനിലയേക്കാൾ

മണ്ണിന്റെ താപനില കൂടിയ പശ്ചാത്തലത്തിൽ കാർഷിക രംഗത്ത് ചില മുൻകരുതലുകളും പരിപാലന മുറകളും അനുവർത്തിക്കാവുന്നതാണ്. കാർഷിക പ്രവർത്തനങ്ങൾ പകൽ 12 മുതൽ 3 വരെയുള്ള സമയത്ത് ഒഴിവാക്കേണ്ടതാണ്. രാസകീടനാശിനികൾ ഈ സമയങ്ങളിൽ പ്രയോഗിക്കാതിരിക്കുക. മണ്ണിലുള്ള ഈ ർപ്പം നിലനിർത്തുന്നതിനായി പുതയിടൽ ഏറ്റവും ആവശ്യമായി അനുവർത്തിക്കേണ്ടതാണ്.

ജൈവ പുതയിടീൽ- ഉണങ്ങിയ തെങ്ങോലകൾ, തൊണ്ട്, വിള അവശിഷ്ടങ്ങൾ എന്നിവ ഉത്തമമായ പുതവസ്തുക്കളാണ്. തടങ്ങളിൽ തൊണ്ട് കമിഴ്ത്തി അടുക്കുന്ന രീതി എല്ലാ ദീർഘകാല വിളകൾക്കും ഏറെ അനുയോജ്യമാണ്. ജൈവാവശിഷ്ടങ്ങൾ ഒരു കാരണവശാലും കത്തിക്കരുത്. തീയിടുന്നത് അന്തരീക്ഷ താപനിലയും മണ്ണിലെ താപനിലയും ക്രമാതീതമായി ഉയരുന്നതിനും അനുബന്ധ പ്രശ്നങ്ങൾക്കും എടയാക്കുന്നതിനാൽ ചപ്പുചവറുകൾ പുതയിടീലിനായി മാത്രം ഉപയോഗിക്കുക.